06-11-2021

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -06/11/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ അപേക്ഷിക്കാവുന്നതാണ്. നിലവിലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് **12/10/2021 മുതൽ 30/10/2021** വരെയുള്ള ദിവസങ്ങളിൽ കൃഷിനാശമുണ്ടായ കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും നഷ്ടപരിഹാരത്തിന് അപേക്ഷിക്കേണ്ട തീയതി ഈ മാസം **15 വരെ** (15/11/2021) ദീർഘിപ്പിച്ചിട്ടുണ്ട്.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബട്ടൺ മഷ്റൂം വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പാക്കറ്റിനു 90 രൂപയാണ് വില. ആവശ്യമുള്ളവർക്ക് **9400483754** എന്ന ഫോൺ നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

3. മൃഗസംരക്ഷണ വകുപ്പിൽ മിഡിയാ ഡിവിഷന്റെ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നതിനായി കരാറടിസ്ഥാനത്തിൽ **അസിസ്റ്റന്റ് എഡിറ്റർ, വീഡിയോ ഗ്രാഫർ, ഡിസൈനർ, ഐ.റ്റി. അസിസ്റ്റന്റ്** എന്നീ തസ്തികകളിൽ ജീവനക്കാരെ തെരെഞ്ഞെടുക്കുന്നതിനായി ഈ മാസം **24,25** (24/11/2021, 25/11/2021) തീയതികളിലായി **കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** വച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. അസിസ്റ്റന്റ് എഡിറ്റർ, വീഡിയോ ഗ്രാഫർ തുടങ്ങിയ തസ്തികകളിലെ വാക്ക്-ഇൻ-ഇന്റർവ്യൂ 24-ന് രാവിലെ 10 മണിക്കും, ഡിസൈനർ, ഐ.റ്റി. അസിസ്റ്റന്റ് തസ്തികകളിലെ വാക്ക്-ഇൻ-ഇന്റർവ്യൂ 25-ന് രാവിലെ 10 മണിക്കും തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**0471-2732918** എന്ന ഫോൺ നമ്പരിലോ, ptotvm.ahd@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമായ, വാക്സിനേഷനുകളും വിരമരുന്നു നൽകിയതും, ഉൽപാദനക്ഷമതയുള്ളതുമായ ഗ്രാമപ്രിയ മുട്ടക്കോഴികുഞ്ഞുങ്ങൾ 120 രൂപ നിരക്കിൽ ഈ മാസം 10 (10/11/2021) മുതൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0474 2663599** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് നവംബർ മാസം **10,11,12** തീയതികളിൽ രാവിലെ 10.30 മണി മുതൽ **ഹൈടെക്ക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും** എന്ന വിഷയത്തിൽ 3 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7736690639, 7034215912, 0487 2960079** എന്നീ നമ്പരുകളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം ജില്ലയിലെ കർഷകർക്ക് **വാണിജ്യാടിസ്ഥാനത്തിൽ ഉള്ള ആട് വളർത്തലിൽ** പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഈ മാസം **10-ന്** (നവംബർ 10) മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന 80 കർഷകർക്ക് പരിശീലനം നൽകുന്നതായിരിക്കും.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന "**ശീതകാല പച്ചക്കറി കൃഷി**" എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) നവംബർ മാസം 8 ന് ആരംഭിക്കുന്നു. പൂർണ്ണമായും സൗജന്യമായി നടപ്പിലാക്കുന്ന ഈ കോഴ്സിൽ പഠിക്കാൻ താൽപര്യമുള്ളവർക്ക് നവംബർ 07 നകം പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കേരള കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ നടപ്പിലാക്കുന്ന ഈ കോഴ്സ് പൂർണ്ണമായും തയ്യാറാക്കിയത് മലയാളത്തിലാണ്. ഒൻപത് സെഷനുകളിലായി 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെഎയു MOOC

പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്.. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് നവംബർ 8 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ആറു ദിവസത്തെ ക്ലാസ്റൂം പരിശീലന പരിപാടി നവംബർ **10 മുതൽ** 17 വരെയുള്ള തീയതികളിൽ രാവിലെ 10 മണി മുതൽ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർകാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം 9-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0481-2302223, 9495445536** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് നവംബർ 15ന് പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം